പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1753

14.08.2017 ൽ
മറുപടിക്ക്

**നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. വിജയൻപിള്ള | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന എല്ലാ ബോട്ടുകളും കേടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അറ്റകുറ്റപ്പണികൾക്കായുള്ള തുക കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | എ) തകരാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) സംസ്ഥാന സുരക്ഷയുടെ കാര്യത്തിൽ വളരെ പ്രാധാന്യമുള്ള തുറമുഖം എന്ന നിലയിൽ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുമോ? | ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും തീരസുരക്ഷയ്ക്കായി അനുവദിക്കുന്ന ഫണ്ടുപയോഗിച്ചാണ് കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നത്. തീരസുരക്ഷ മൂന്നാംഘട്ടത്തിനായി സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കി നൽകിയ പ്രൊപ്പോസൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ